**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6359** **10-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ അളഗപ്പനഗർ, തൃക്കൂർ, നെന്മണിക്കര, വരന്തരപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ ആദ്യ ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ ജല ജീവൻ മിഷന്റെ ആദ്യ ഘട്ടത്തിൽ കണക്ഷനുകൾ കൊടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന നിലവിലെ പഴയ പമ്പിങ് മെയിൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് പ്രവർത്തനാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് പി.ഡബ്ല്യു.ഡി. റോഡിന്റെ കട്ടിങ് അനുമതി ലഭിക്കാനുണ്ട്. പമ്പ്ഹൗസ് നിർമ്മാണം, മോട്ടോർ പമ്പ്സെറ്റ്, മറ്റ് അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. പുതുക്കാട് പഞ്ചായത്തിലെ ജല ജീവൻ മിഷൻ ഫേസ്-1, ഫേസ്-2 പ്രവൃത്തികളിലായി ആകെ 41.3 കിലോമീറ്ററും തൃക്കൂർ പഞ്ചായത്തിൽ 128.55 കിലോമീറ്ററും, അളഗപ്പ പഞ്ചായത്തിൽ - 52.73 കിലോമീറ്ററും നെന്മണിക്കര പഞ്ചായത്തിൽ ഫേസ് 1 പ്രവൃത്തിയിൽ 23.34 കിലോമീറ്ററും വരന്തരപ്പിള്ളി പഞ്ചായത്തിൽ 15.44 കിലോമീറ്ററും മറ്റത്തൂർ പഞ്ചായത്തിൽ 10 കിലോമീറ്ററും പറപ്പൂക്കര പഞ്ചായത്തിൽ 68 കിലോമീറ്ററും വല്ലച്ചിറ പഞ്ചായത്തിൽ 15 കിലോമീറ്ററും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br><br>പുതുക്കാട് നിയോജകമണ്ഡലത്തിൽ ആകെ 14605 കുടിവെള്ള കണക്ഷനുകൾ നല്കുകയും ചെയ്തിട്ടുണ്ട് (നെന്മണിക്കര- 957, വരന്തരപ്പിള്ളി - 2350, അളഗപ്പനഗർ - 2270, തൃക്കൂർ - 2360, പുതുക്കാട് - 1483, മറ്റത്തൂർ - 2718, പറപ്പൂക്കര- 473, വല്ലച്ചിറ - 1994).<br><br>ജലജീവൻ മിഷൻ പദ്ധതിയിൽ മറ്റത്തൂർ, വരന്തരപ്പിള്ളി, നെന്മണിക്കര പഞ്ചായത്തുകൾക്കു |

| | | | |
|---|---|---|---|
| | | | വേണ്ടി മാട്ടുമലയിൽ വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കൽ, 3 പഞ്ചായത്തുകളിലും ഉന്നതതല/ ഉപരിതല ജലസംഭരണികൾ സ്ഥാപിക്കൽ, വിതരണശൃംഖല സ്ഥാപിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയാണ് ഉൾപ്പെടുന്നത്. വിതരണശൃംഖല സ്ഥാപിച്ച് കണക്ഷൻ നൽകുന്ന പ്രവൃത്തി – നെന്മണിക്കര 52%, മറ്റത്തൂർ 44%, വരന്തരപ്പിള്ളി 23% പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് മാട്ടുമല, വരന്തരപ്പിള്ളി ഉന്നതതല ജലസംഭരണി എന്നിവയ്ക്ക് സ്ഥലം ലഭ്യമായിട്ടില്ല. ഇൻടേക്ക് വെൽ, മറ്റത്തൂർ ടാങ്ക് എന്നീ പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്. നെന്മണിക്കര ടാങ്കിന്റെ പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ജലജീവൻ മിഷന്റെയും വാട്ടർ അതോറിറ്റിയുടെയും വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം മണ്ഡലത്തിലെ വിവിധ റോഡുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാതെ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തൈക്കാട്ടുശ്ശേരി-തലോർ റോഡ്, പല്ലിശ്ശേരി-ചർച്ച് റോഡ്, മുളങ്ങ് റോഡ്, കുറുമാലി തൊട്ടിപ്പാൾ റോഡ്, കൊടകര-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മുപ്ലിയം -കോടാലി റോഡ് തുടങ്ങിയ റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് മുൻപായി കെ.ഡബ്ല്യു.എ. യുടെ പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ ഫണ്ടും അനുമതിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തൈക്കാട്ടുശ്ശേരി തലോർ റോഡിൽ ജല ജീവൻ മിഷന്റെ രണ്ട് പ്രവർത്തികളാണ് നടന്നുവരുന്നത്. ഒരു പ്രവൃത്തിയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.യുടെ അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രവർത്തിയിൽ പൈപ്പ് സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.യിൽ നിന്ന് ഡിമാൻഡ് നോട്ടീസ് ലഭ്യമായിട്ടുണ്ട്. ഫണ്ട് ലഭ്യത അനുസരിച്ച് പ്രസ്തുത തുക അടച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പല്ലിശ്ശേരി ചർച്ച് റോഡിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ നടത്തുന്നതിനായി പി.ഡബ്ല്യു.ഡി.യിൽ നിന്നും അനുമതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>മുളങ്ങ്-കുറുമാലി- തൊട്ടിപ്പാൾ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡിൽ 800 മീറ്റർ ദൂരം GSB – WMM എന്നിവ ഇട്ട് റിസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ദൂരം റിസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർണ്ണമായി തോതിൽ പൂർത്തീകരിക്കുന്നതിന് പ്രസ്തുത റോഡിനു കുറുകെ കടന്നു പോകുന്ന നെടുമ്പാൾ പാഴായി റോഡിൽ പൈപ്പ്ലൈൻ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുവേണ്ട അനുമതി കൂടി ലഭ്യമാകേണ്ടതുണ്ട്.<br><br>കൊടകര-വെള്ളിക്കുളങ്ങര റോഡിലെ വിതരണശൃംഖല സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി., KRFB എന്നീ വകുപ്പുകളുടെ അനുമതി ലഭിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.യിൽനിന്നും ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യത അനുസരിച്ച് പ്രസ്തുത തുക അടച്ച് അനുമതി ലഭിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു.<br><br>പുതുക്കാട് മുപ്ലിയം കോടാലി റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് KRFB-യിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, ഫണ്ട് അടവാക്കുകയും, അനുമതി KRFB-യിൽ നിന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ